# Deepika

## 20 August 2018

## Vypin : After Flood, Camps Closed, Water shortage



### വൈപ്പിനിൽ രണ്ടു ക്യാമ്പുകൾ നിർത്തി

# കുടിവെള്ളക്ഷാമം രൂക്ഷം

**വൈപ്പിൻ:** മഴ ശമിച്ചതിനെത്തുടർന്ന് വെള്ളമിറങ്ങിത്തുടങ്ങിയതോടെ വൈപ്പിൻ നിവാസികൾക്ക് അല്പം ആശ്വാസം. കർത്തേടം, ഞാറയ്ക്കൽ മേഖലകളിൽ കിഴക്കുഭാഗത്ത് കയറിയ വെള്ളം പൂർണമായി ഇറങ്ങിത്തുടങ്ങിയതോടെ ഞാറയ്ക്കൽ സെന്റ് മേരീസ് പള്ളി, കർത്തേടം സെന്റ് ജോർജ് പള്ളി എന്നിവിടങ്ങളിലെ രണ്ടു ക്യാമ്പുകൾ നിർത്തി. ഇവിടെ ബാക്കിവന്ന ഭക്ഷണസാധനങ്ങളും വസ്ത്രങ്ങളും മറ്റു മേഖലയിലുള്ള ക്യാമ്പുകളിലേക്ക് കൊടുത്തുവിട്ടു.

വെള്ളം പൂർണമായും ഒഴിഞ്ഞു പോകാത്ത മേഖലകളിൽ 50 ഓളം ക്യാമ്പുകളിലായി 60,000 ത്തോളം ദുരിതബാധിതർ ഇനിയും വൈപ്പിനിൽ ശേഷിക്കുന്നുണ്ട്. വെള്ളം ഇറങ്ങാൻ തുടങ്ങിയതോടെ ആശ്വാസത്തിന്റെ പുഞ്ചിരി ദുരിതബാധിതർക്കൊപ്പം ദുരിതാശ്വാസ പ്രവർത്തകരുടെ മുഖത്തും പ്രകടമാണ്.

വൈപ്പിനിൽ ടാങ്കറിലെത്തിച്ച കുടിവെള്ളം ശേഖരിക്കുന്നതിനായി ക്യൂനിൽക്കുന്നവർ.

ക്യാമ്പുകളിലും നാട്ടിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്. പലയിടത്തും ഇപ്പോഴും വൈദ്യുതി ഇല്ല. ആലുവ, ചൊവ്വര മേഖലകളിൽ നിന്നും കുടിവെള്ള പമ്പിംഗ് ആരംഭിച്ചെങ്കിൽ മാത്രമേ മേഖലയിൽ നിലനിൽക്കുന്ന കുടിവെള്ളക്ഷാമത്തിനു പരിഹാരമാകു. ഇപ്പോൾ വൈപ്പിനിൽ ടാങ്കർ ലോറികളിലാണ് കുടിവെള്ളമെത്തിക്കുന്നത്. വീടുകളും മറ്റു സാമഗ്രികളും വൃത്തിയാക്കാനും വെള്ളം ആവശ്യമാണ്. ഉപയോഗ്യമായ മറ്റു ജലസ്രോതസുകൾ വൈപ്പിൻ മേഖലയിൽ ഇല്ലാത്തതും ഉള്ളവ വെള്ളക്കയറ്റം മൂലം മലിനമായതും വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്.